# സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്, കൊട്ടാരക്കര

## ഭരണ റിപ്പോർട്ട് 2015-16

**I.** <u>സ്ഥാപനത്തെ സംബന്ധിച്ച വിവരണം</u>

ഗ്രാമവികസന പരിപാടികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും അനുദ്യോഗസ്ഥന്മാരുടെയും പരിശീലനത്തിനുള്ള സംസ്ഥാനത്തെ പ്രമുഖസ്ഥാപനമാണ് കൊട്ടാരക്കരയിലെ സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിട്യൂട്ട്. ഗ്രാമ /ബ്ലോക്ക് പഞ്ചായത്ത് ജനപ്രതി നിധികൾ, ഗ്രാമവികസന വകുപ്പിലെ സംസ്ഥാന/ജില്ലാ/ബ്ലോക്ക് തല ഉദ്യോഗസ്ഥർ, വിവിധവകുപ്പു കളിലെ ജില്ലാ-ബ്ലോക്കുതല ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവർക്കാണ് ഇവിടെ പരിശീലനം നൽകുന്നത്. പഞ്ചായത്തീരാജ് സംവിധാനം, ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ, പ്രാദേശിക സാമ്പത്തിക വികസനം, കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനം, വിവരാവകാശ നിയമം 2005, നീർത്തട വികസനം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നു.

ഗ്രാമവികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, പ്രാദേശിക ആസൂത്രണം തുടങ്ങിയവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, പഠനങ്ങൾ എന്നിവ എസ്. ഐ. ആർ. ഡിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. ഗ്രാമവികസന വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോഡിയും, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് ഇൻസ്റ്റിട്യൂട്ടിന്റെ ഭരണം നിയന്ത്രിക്കുന്നത്. ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ പദവിയിലുള്ള ഡയറക്ടർ ആണ് സ്ഥാപനത്തിന്റെ ദൈനം ദിന ഭരണനിർവ്വഹണത്തിന് നേതൃത്വം നൽകുന്നത്. എസ്. ഐ. ആർ. ഡി യുടെ ആവർത്തന ചെലവുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ വഹിച്ചു വരുന്നു. കോർ ഫാക്കൽറ്റി അംഗങ്ങളുടെ ശമ്പളവും അലവൻസുകളുംപൂർണ്ണമായും കേന്ദ്രസർക്കാർ വഹിക്കുന്നു.

## II. മനുഷ്യ വിഭവശേഷി

സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗീകൃത തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ താഴെകൊടുക്കുന്നു.

| നമ്പർ | തസ്തിക | അംഗീകരിച്ച എണ്ണം | നിലവിലുള്ളത് (സ്ഥിരം/ഡെപ്യൂട്ടേഷൻ/ കോൺട്രാക്ട്/ ദിവസ വേതനം | ഒഴിവുള്ളത് |
|---|---|---|---|---|
| 1 | ഡയറക്ടർ | 1 | 1<br>(സ്ഥിരം തസ്തിക- ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ) | 0 |
| 2 | സെക്രട്ടറി | 1 | 1<br>(സ്ഥിരം തസ്തിക- ഗ്രാമവികസന വകുപ്പിലെ ഡെപ്യൂട്ടി ഡെവലപ്പ്മെന്റ് കമ്മീഷണർ) | 0 |
| **ഫാക്കൽറ്റി അംഗങ്ങൾ** | | | | |
| 1 | പബ്ലിക് അഡ്മിനിസ്ട്രേഷൻ | 1 | 1 (സ്ഥിരം) | 0 |
| 2 | സോഷ്യോളജി | 1 | 1 (കോൺട്രാക്ട്) | 0 |
| 3 | റൂറൽ ഡെവലപ്പ്മെന്റ് | 1 | 1<br>(സ്ഥിരം തസ്തിക - ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ) | 0 |
| 4 | മാനേജ്മെന്റ് | 1 | 1 (കോൺട്രാക്ട്) | 0 |
| 5 | റൂറൽ എക്കണോമിക്സ് | 1 | 1 (കോൺട്രാക്ട്) | 0 |
| **മിനിസ്റ്റീരിയൽ സ്റ്റാഫ്** | | | | |
| 1 | ഓഫീസ് മാനേജർ | 1 | 1 (ഡെപ്യൂട്ടേഷൻ) | 0 |
| 2 | ഫിനാൻഷ്യൽ അസിസ്റ്റന്റ് | 1 | 1 (ദിവസ വേതനം) | 0 |
| 3 | അസിസ്റ്റന്റ് | 4 | 4 (ഡെപ്യൂട്ടേഷൻ) | 0 |
| 4 | ടൈപ്പിസ്റ്റ് | 2 | 1 (സ്ഥിരം) 1 -ദിവസവേതനം | 0 |
| 5 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 1 (ഡെപ്യൂട്ടേഷൻ) | 0 |
| 6 | ആഡിയോ വിഷൽ ടെക്നീഷ്യൻ | 1 | 1 (സ്ഥിരം) | 0 |
| 7 | ഡ്രൈവർ | 3 | 2 (സ്ഥിരം) 1 -ദിവസവേതനം | 0 |
| 8 | ഓഫീസ് അറ്റൻഡന്റ് | 2 | 2(സ്ഥിരം) | 0 |
| 9 | വാച്ച്മാൻ | 2 | 1 (സ്ഥിരം)1 (ദിവസ വേതനം) | 0 |
| 10 | ഗാർഡനർ | 1 | 1 (സ്ഥിരം) | 0 |
| 11 | പാർട്ട് ടൈം സ്വീപ്പർ | 1 | 1 (സ്ഥിരം) | 0 |
| **ഹോസ്റ്റൽ സ്റ്റാഫ്** | | | | |
| 1 | ഹോസ്റ്റൽ മാനേജർ | 1 | 1 (ഡെപ്യൂട്ടേഷൻ) | 0 |
| 2 | കുക്ക് | 1 | 1 (സ്ഥിരം) | 0 |
| 3 | കിച്ചൺ ഹെൽപ്പർ | 1 | 1 (സ്ഥിരം) | 0 |
| 4 | ഹോസ്റ്റൽ ബോയ് | 2 | 1(സ്ഥിരം) 1 (ദിവസ വേതനം) | 0 |
| 5 | മെസ് ക്ലീനർ | 1 | 1<br>ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. | 0 |
| 6 | ഹോസ്റ്റൽ ക്ലീനർ | 1 | | 1 |
| | Total | 33 | 32 | 1 |

**ആർ ജി പി എസ് എ സ്കീം**

| നമ്പർ | തസ്തിക | അംഗീകരിച്ച എണ്ണം | നിലവിലുള്ളത് (സ്ഥിരം/ഡെപ്യൂട്ടേഷൻ/ കോൺട്രാക്ട്/ ദിവസ വേതനം | ഒഴിവുള്ളത് |
|---|---|---|---|---|
| 1 | സ്പെഷ്യലിസ്റ്റ് സോഷ്യോളജി | 1 | 1 (കോൺട്രാക്ട്) | 0 |
| 2 | സ്പെഷ്യലിസ്റ്റ് വിമൺ സ്റ്റഡീസ് | 1 | 1 (കോൺട്രാക്ട്) | 0 |
| 3 | അക്കൗണ്ടന്റ് | 1 | 1 (കോൺട്രാക്ട്) | 0 |

**കെ എൽ ജി എസ് ഡി പി- ലോക ബാങ്ക് പ്രോജക്ട്**

| നമ്പർ | തസ്തിക | അംഗീകരിച്ച എണ്ണം | നിലവിലുള്ളത് (സ്ഥിരം/ഡെപ്യൂട്ടേഷൻ/ കോൺട്രാക്ട്/ ദിവസ വേതനം | ഒഴിവുള്ളത് |
|---|---|---|---|---|
| 1 | ഫാക്കൽറ്റി- എൻ ആർ എം | 1 | 1 (കോൺട്രാക്ട്) | 0 |
| 2 | സോഷ്യൽ ഓഡിറ്റ് കൺസൾട്ടന്റ് | 1 | 1 (കോൺട്രാക്ട്) | 0 |

**സി ജി എ ആർ ഡി സെന്റർ- ജി ഐ എസ് ലാബ്**

| നമ്പർ | തസ്തിക | അംഗീകരിച്ച എണ്ണം | നിലവിലുള്ളത് (സ്ഥിരം/ഡെപ്യൂട്ടേഷൻ/ കോൺട്രാക്ട്/ ദിവസ വേതനം | ഒഴിവുള്ളത് |
|---|---|---|---|---|
| 1 | പ്രോജക്ട് എൻജിനീയർ | 2 | 2 (കോൺട്രാക്ട്) | 0 |

## III. 2015-16 സാമ്പത്തിക വർഷത്തെ സാമ്പത്തിക പുരോഗതി റിപ്പോർട്ട്

| പദ്ധതി യുടെ പേര് | മുൻവർഷത്തെ നീക്കിയിരുപ്പ്,പലിശ, മറ്റ് വരവുകൾ(രൂപ) | 2015-16 വർഷം ലഭിച്ച തുക | | | ആകെ ലഭ്യമായ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|---|---|---|
| | | കേന്ദ്രം (രൂപ) | സംസ്ഥാനം (രൂപ) | ആകെ (രൂപ) | | |
| വിശദവിവരങ്ങൾ അനുബന്ധം1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. | | | | | | |

## IV. 2015-16 സാമ്പത്തിക വർഷത്തെ ഭൗതിക പുരോഗതി റിപ്പോർട്ട് (31.03.2016 വരെ)

2015-16 സാമ്പത്തിക വർഷത്തിൽ **121** ക്യാമ്പസ് പരിശീലന പരിപാടികളും **66** ഓഫ് ക്യാമ്പസ് പരിപാടികളും ഉൾപ്പെടെ **187** പരിശീലന പരിപാടികൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. ആകെ **7284** പേർക്ക് പരിശീലനം നൽകുകയുണ്ടായി. ഇതിലൂടെ **17991** പരിശീലന ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. ആകെ പരിശീലനം ലഭിച്ചവരിൽ **1470** ജനപ്രതിനിധികളും **3372** വനിതകളും ഉൾപ്പെടുന്നു.

**പരിശീലന പദ്ധതികൾ സംബന്ധിച്ച് വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.**

**(2015-16)**

| പരിശീലനങ്ങളുടെ എണ്ണം | ഉദ്യോഗസ്ഥർ | ജന പ്രതിനിധികൾ | മറ്റുള്ളവർ | ആകെ | വനിതകൾ | പരിശീലന ദിനങ്ങൾ |
|---|---|---|---|---|---|---|
| ക്യാമ്പസ് പ്രോഗ്രാം- 121 | 2710 | 840 | 741 | 4291 | 2009 | 13126 |
| ഓഫ് ക്യാമ്പസ് - 66 | 1925 | 630 | 438 | 2993 | 1363 | 4865 |
| **ആകെ - 187** | **4635** | **1470** | **1179** | **7284** | **3372** | **17991** |

**ഓരോ വിഭാഗത്തിലും നടത്തിയ പരിശീലനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ: 2015-16**

| നമ്പർ | പരിശീലന പരിപാടികൾ | പരിശീലനങ്ങളുടെ എണ്ണം | പങ്കെടുത്ത പരിശീലനാർത്ഥികളുടെ എണ്ണം |
|---|---|---|---|
| **I** | **ക്യാമ്പസ് പ്രോഗ്രാം** | | |
| 1 | പഞ്ചായത്തി രാജ് & ഗ്രാമവികസന പദ്ധതികൾ | 44 | 1602 |
| 2 | ഐ.ഡബ്ള്യൂ.എം.പി | 5 | 170 |
| 3 | എൻ.ഐ.ആർ.ഡി & പി. ആർ ഓഫ് കാമ്പസ് | 10 | 340 |
| 4 | ഐ.എ.വൈ | 4 | 136 |
| 5 | പ്രകൃതി വിഭവ പരിപാലനം | 2 | 128 |
| 6 | മനുഷ്യവിഭവശേഷിവികസനം | 16 | 404 |
| 7 | മഹാത്മാഗാന്ധി.എൻ.ആർ.ഇ.ജി.എസ് | 18 | 818 |
| 8 | എസ്. എ. ജി .വൈ | 2 | 78 |
| 9 | സ്വച്ഛ് ഭാരത് മിഷൻ | 1 | 22 |
| 10 | ആർ ജി. പി. എസ്. എ | 17 | 532 |
| 11 | സോഷ്യൽ ഓഡിറ്റ് | 2 | 61 |
| | **ആകെ** | **121** | **4291** |
| **II** | **ഓഫ് ക്യാമ്പസ് പ്രോഗ്രാം** | | |
| 1 | മഹാത്മാഗാന്ധി.എൻ.ആർ.ഇ.ജി.എസ് (എക്സ്റ്റൻഷൻ ഓഫീസേഴ്സ്) | 5 | 274 |
| 2 | മഹാത്മാഗാന്ധി.എൻ.ആർ.ഇ.ജി.എസ് (വി ഇ ഒ) | 25 | 1090 |
| 3 | പ്രകൃതി വിഭവ പരിപാലനം | 12 | 814 |
| 4 | ഐ. എസ്. റ്റി. എം (ഫീൽഡ് പ്ലേയ്സ്മെന്റ്) | 2 | 54 |
| 5 | ഇവാലുവേഷൻ സ്റ്റഡി (മഹാത്മാഗാന്ധി.എൻ. ആർ.ഇ.ജി.എസ് ) | 2 | 169 |
| 6 | ഇൻഡക്ഷൻ ട്രെയിനിംഗ് (ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾക്ക്) | 18 | 504 |
| 7 | ജെൻഡർ ബഡ്ജറ്റിംഗ് | 2 | 88 |
| | **ആകെ** | **66** | **2993** |
| | **ആകെ എണ്ണം** | **187** | **7284** |

## V. എസ്.ഐ.ആർ.ഡി യിലെ അടിസ്ഥാന സൗകര്യങ്ങൾ

1. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് : 10000 ചതുരശ്ര അടി
2. അനക്സ് കെട്ടിടം : 5000 ചതുരശ്ര അടി
3. ഹോസ്റ്റൽ : 2 (20565 ചതുരശ്ര അടി) 20 എസി റൂമുകൾ ഉൾപ്പെടെ 50 ഡബിൾ റൂമുകൾ, 100 പേർക്ക് താമസിക്കാവുന്നത്.
4. കോൺഫറൻസ് ഹാൾ/ലക്ചർ ഹാൾ: 2((1). 100 പേരെ ഉൾക്കൊള്ളാൻ കഴിയുന്നതും എ.സി സൗകര്യമുള്ളതും, (2). 50 പേരെ ഉൾക്കൊള്ളാൻ പറ്റുന്നത്)
5. കമ്പ്യൂട്ടർ ലാബ് : 2 (32 കമ്പ്യൂട്ടർ)
6. ലൈബ്രറി കെട്ടിടം : 1650 ചതുരശ്ര അടി- 5000 പുസ്തകങ്ങൾ ഉൾക്കൊള്ളുന്നത്.
7. GIS Lab : 20 പേർക്ക് ഒരേ സമയം പരിശീലനം നൽകാൻ കഴിയുന്നത്.
8. വാഹനങ്ങൾ :
   a. ബസ് : 1
   b. കാർ : 3 (ഒന്ന് ടാറ്റാ സുമോ SUV മോഡൽ)

## VI. വരവ് ചെലവ് വിവരങ്ങൾ

**2015-2016** സാമ്പത്തികവർഷം കേന്ദ്രഗവൺമെന്റ് ആവർത്തന ഗ്രാന്റ് ഇനത്തിൽ 19,97,000/- രൂപയും സംസ്ഥാന ഗവൺമെന്റുവിഹിതമായി 78,69,000/-രൂപയും ലഭിച്ചിരുന്നു. മുൻകാല ബാക്കി യിനത്തിൽ 6,13,47,262/- രൂപയും മറ്റിനത്തിൽ ലഭിച്ച 1,78,05,875/- രൂപയുമുൾപ്പെടെ **8,90,19,137/- രൂ**പ ലഭ്യമായിരുന്നു. ആയതിൽ പരിശീലന/ഗവേഷണ/ഭരണപരമായ ആവശ്യങ്ങൾക്കായി 2015-2016 സാമ്പത്തികവർഷത്തിൽ (31.03.2016 വരെ) **3,03,01,150/-**രൂപ ചെലവഴിക്കുകയുണ്ടായി.

**ചെലവിനങ്ങളുടെ സംക്ഷിപ്തരൂപം താഴെക്കൊടുക്കുന്നു.**

| ഇനം | ചിലവ് (രൂപ) |
|---|---|
| പരിശീലനം | 99,90,992/- |
| ശമ്പളവും മറ്റ് അലവൻസുകളും | 1,46,19,534/- |
| പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും | 2,45,757/- |
| മറ്റ് ഭരണപരമായ ചെലവുകൾ | 54,44,867/- |
| **ആകെ രൂപ** | **3,03,01,150/-** |

## VII. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇതര പ്രവർത്തനങ്ങൾ.- നേട്ടങ്ങൾ

### a. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ പ്രകൃതി വിഭവ പരിപാലനം എന്ന വിഷയത്തെപ്പറ്റിയുളള പരിശീലനം

. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധതലത്തിലുള്ള പങ്കാളികൾക്ക് പരിശീലനം നൽകാനായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുവദിച്ച് കില, തൃശൂർ മുഖേന എസ് ഐ ആർ ഡി ക്ക് ലഭ്യമാക്കിയ 3,31,36,500/- രൂപയിൽ 1,18,21,982/- രൂപ വിനിയോഗിച്ച് തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് വേണ്ടി ജില്ലാ തലത്തിൽ ഏകദിന പരിശീലനം നടത്തുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ മുഴുവൻ ബി.ഡി.ഒ. മാർക്കും ജോയിന്റ് ബി.ഡി.ഒ മാർക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും അട്ടപ്പാടി അഹാഡ്സിന്റെ സേവനം ഉപയോഗിച്ച് പ്രകൃതി വിഭവ പരിപാലനം സംബന്ധിച്ച് പരിശീലനം നൽകുന്നതിനായി ഒരു പ്രോജക്റ്റ് പ്രൊപ്പോസൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുകയും ഉത്തരവ് ലഭിച്ച തിൻപ്രകാരം സംസ്ഥാനത്തെ മുഴുവൻ ബി ഡി ഒമാർക്കും ജോയിന്റ് ബി.ഡി.ഒ മാർക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പാലക്കാട് അഹാഡ്സിൽ വച്ച് പരിശീലനം നൽകുകയും ചെയ്തു. ഇതു പ്രകാരം 27 ബാച്ചുകളിലായി 1111 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

### b.ഫാക്കൽറ്റി നിയമനം

ഇൻസ്റ്റിറ്റ്യൂട്ടിന് നിലവിൽ ഗ്രാമവികസനം, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ,സോഷ്യോളജി, റൂറൽ എക്കണോമിക്സ്, റൂറൽ മാനേജ്മെന്റ് എന്നിങ്ങനെ 5 അംഗീകൃത ഫാക്കൽറ്റി തസ്തിക കളാണ് ഉള്ളത്. ആയതിൽ പബ്ലിക് അഡ്മിനിസ്ട്രേഷന് സ്ഥിരം ഫാക്കൽറ്റിയും, റൂറൽ എക്കണോമിക്സിന് കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ഫാക്കൽറ്റിയുമാണ് ഉള്ളത്. ഒഴിവുള്ള സോഷ്യോളജി, റൂറൽ മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ഫാക്കൽറ്റി അംഗങ്ങളെ നിയമിച്ചിട്ടുണ്ട്. റൂറൽ ഡവലപ്പ്മെന്റ് ഫാക്കൽറ്റി അംഗത്തിന്റെ തസ്തിക 1.6.2015 മുതൽ ഒഴിഞ്ഞുകിടക്കുന്നു. കൂടാതെ പ്രകൃതി വിഭവ പരിപാലനം എന്ന വിഷയത്തിൽ ഒരു ഫാക്കൽറ്റി അംഗത്തെ ലോകബാങ്കിന്റെ പദ്ധതി പ്രകാരം നിയമിച്ചിട്ടുണ്ട്. ആർ.ജി.പി.എസ്.എ സ്കീം പ്രകാരം 2 ഫാക്കൽറ്റി അംഗങ്ങളേയും(സ്പെഷ്യലിസ്റ്റ്) നിയമിച്ചിട്ടുണ്ട്.

**c. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി -പഠനം**

2012-13 വർഷത്തിൽ 10 ജില്ലകളിലെ മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എസ് ഇവാലുവേഷൻ പഠനത്തിനായി 56,00,000/-രൂപ ലഭ്യമായിട്ടുണ്ട്. ആയത് ഫലപ്രദമായി ഉപയോഗിക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങളെ പഠനം നടത്താൻ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എല്ലാ യൂണിവേഴ്സിറ്റികളും അന്തിമ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പഠന റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളും വിലയിരുത്തലുകളും ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ നടന്നു വരുന്നു.

**d. GIS ലാബ് സജ്ജീകരണം**

ഗ്രാമവികസന പദ്ധതികളെ Geographic Information System വുമായി ബന്ധപ്പെടുത്തി ആധുനികവല്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു GIS ലാബ് സജ്ജീകരിച്ചിട്ടുണ്ട്. ദേശീയഗ്രാമീണ വികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർദ്ദേശപ്രകാരം ലാബിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലാബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി NIRD & PR നിർദ്ദേശിച്ച പ്രകാരം 2 പ്രോജക്ട് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്. നീർത്തടാധിഷ്ഠിത പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും ഉപകരിക്കുന്ന രീതിയിൽ GIS ലാബ് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ GIS അധിഷ്ഠിത ഹ്രസ്വകാല കോഴ്സ് നടത്തുന്നതിനും ഗവേണിംഗ് ബോഡി അംഗീകാരം നൽകിയിട്ടുണ്ട്. അതിനുള്ള സിലബസ് തയ്യാറാക്കി വരുന്നു. വെളിയം ഗ്രാമപഞ്ചായത്തിൽ ഗ്രാമവികസന പദ്ധതികളുടെ സാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രകൃതി വിഭവ പരിപാലന പദ്ധതി രൂപകല്പന ചെയ്യുന്നതിനായി ഒരു ആക്ഷൻ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തി വരികയാണ്. പ്രകൃതി വിഭവ പരിപാലനത്തിനും പദ്ധതി ആസൂത്രണത്തിനും ഭൂവിവര സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തുക, ഗ്രാമവികസന പദ്ധതികളിൽ നീർത്തടാധിഷ്ഠിത നിർവ്വഹണത്തിന്റേയും സംയോജന സാധ്യതകളുടേയും ഒരു മാതൃകാപദ്ധതി തയ്യാറാക്കുക, പ്രകൃതി വിഭവ പരിപാലനത്തിലൂടെ പദ്ധതി പ്രദേശത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുക എന്നിവയാണ് ഈ ഗവേഷണ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ടിലെ CGARD സെന്ററിന്റെ സൗകര്യങ്ങളും പ്രോജക്ട് എഞ്ചിനീയർമാരുടേയും NRM ഫാക്കൽറ്റി അംഗത്തിന്റേയും സേവനവും ഉപയോഗിച്ചു വരുന്നു.

**e. അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 2007-08 കാലയളവിൽ നോൺ റെക്കറിംഗ് ഗ്രാന്റ് ഇനത്തിൽ നിർമ്മാണപ്രവർത്തനങ്ങൾക്കായി 157.86 ലക്ഷം രൂപയ്ക്ക് അനുമതി നല്കുകയും, ആയതിൽ 89.70 ലക്ഷം രൂപ ആദ്യഗഡുവായി അനുവദിക്കുകയും ചെയ്തിരുന്നു. 25.8.2009-ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം അക്കാഡമിക് ബ്ലോക്ക്, ഡയറക്ടറുടെ വസതി, സ്റ്റാഫ് ക്വാർട്ടേഴ്സ് ടൈപ്പ്-എ എന്നീ നിർമ്മാണപ്രവൃത്തികൾക്കായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും, അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. കൂടാതെ കേന്ദ്രഗ്രാമവികസന മന്ത്രാലയം 2011-12 കാലയളവിൽ രണ്ടു കോടി രൂപ നോൺ റെക്കറിംഗ് ഗ്രാന്റ് ഇനത്തിൽ അനുവദിച്ചിരുന്നു. 24.03.2014-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി, പ്രസ്തുത തുക ഉപയോഗിച്ച് അക്കാദമിക് കെട്ടിടത്തിന്റെ ട്രസ്സ് വർക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നവീകരണം, അക്കാഡമിക് ബ്ലോക്ക്, ഹോസ്റ്റൽ/മെസ്സ് ഹാളുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന നടപ്പാത, സെക്യൂരിറ്റി കാബിൻ, ഗാരേജ് എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ- BSNL മുഖേന നടപ്പിലാക്കുവാൻ അനുമതി നല്കുകയുണ്ടായി. എസ്റ്റിമേറ്റുകൾ ലഭ്യമാക്കുന്ന തിൽ BSNL അധികൃതർ വിമുഖത കാട്ടിയ പശ്ചാത്തലത്തിൽ 23.3.2016-ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി ടി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് BSNL നെ ഒഴിവാക്കി മറ്റ് അംഗീകൃത ഏജൻസികളെ ഏല്പിക്കുവാൻ തീരുമാനിച്ചു. അതിൻ പ്രകാരം കേരള സ്റ്റേറ്റ് ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷനുമായി ധാരണാ പത്രം ഒപ്പു വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണ സാങ്കേതി കാനുമതി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**f. ജെൻഡർ ബഡ്ജറ്റിംഗ് പരിശീലനം**

കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയം അനുവദിച്ച ഫണ്ടുപയോഗിച്ച് (7,03,300/-രൂപ) ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾക്കായി 'ജെൻഡർ ബഡ്ജറ്റിംഗ്' എന്ന വിഷയത്തിൽ കണ്ണൂർ, ഇടുക്കി ജില്ലകളിലായി മേഖലാതലത്തിൽ രണ്ടു പരിശീലനങ്ങൾ സംഘടിപ്പിക്കുകയു ണ്ടായി. ആകെ 88 ജനപ്രതിനിധികളാണ് പ്രസ്തുത പരിശീലനത്തിൽ പങ്കെടുത്തത്. 2016-17 സാമ്പത്തിക വർഷത്തിൽ 2 പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന് അനുമതിക്കായി സമർപ്പിച്ചിട്ടുമുണ്ട്.

**g. BFT പരിശീലനം**

കേന്ദ്ര ഗ്രാമവികസന മന്ത്രാലത്തിന്റേയും ദേശീയ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റേയും (NIRD & PR) നിർദ്ദേശ പ്രകാരം മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിലേക്ക് വയനാട് ജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത 32 BFT (BareFoot Technicians) മാർക്കുള്ള ആദ്യബാച്ചിന് 2015 ഡിസംബർ 15 മുതൽ 2016 മാർച്ച് 18 വരെ, SIRD യുടെ ആഭിമുഖ്യത്തിൽ പരിശീലനം നല്കി Agriculture Skill Council of India (ASCI) യുടെ നേതൃത്വത്തിൽ മൂല്യനിർണ്ണയം നടത്തി. BFT പരിശീലനാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

## VIII. ശില്പശാല/ സെമിനാർ/പ്രത്യേക പരിശീലനങ്ങൾ

### 1. SAGY-workshop

കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം SAGY പരിശീലനത്തിന് മുന്നോടിയായി ചാർജ്ജ് ഓഫീസർമാർക്കും ജില്ലാതല IT പ്രൊഫഷണലുകൾക്കും വേണ്ടി 8.5.2015-ൽ ഏകദിന ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് 15.9.2015 ൽ uploading of VDP(Village Development Plan) എന്ന വിഷയത്തിലും ഏകദിന ശില്പശാല നടത്തുകയുണ്ടായി.

### 2. ഡോക്യുമെന്റേഷൻ ശില്പശാല

2016 ഫെബ്രുവരി 27,28 തീയതികളിലായി ഡോക്യുമെന്റേഷനുമായി ബന്ധപ്പെട്ട് ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും ഉൾപ്പെടെ 61 പേർ പങ്കെടുത്തു. പ്രസിദ്ധ ചലച്ചിത്ര സംവിധായകനും Public Relation Department ലെ Visual Communication Deputy Director –മായ ശ്രീ. ആർ. ശരത് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പരിശീലനം നേടിയ Documentation Team നെ ഉപയോഗപ്പെടുത്തി എല്ലാ ജില്ലകളിലേയും പ്രധാന പദ്ധതികളുമായി ബന്ധപ്പെട്ട Documentation നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### 3. പ്രകൃതിവിഭവപരിപാലന ശില്പശാല

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ ലോകപരിസ്ഥിതി ദിനാഘോഷവുമായി ബന്ധപ്പെട്ട് 2015 ജൂൺ 6-ന് വെളിയം ഗ്രാമപഞ്ചായത്തിൽ പ്രകൃതി വിഭവ പരിപാലനാസൂത്രണം എന്ന വിഷയത്തിൽ ശില്പശാല സംഘടിപ്പിച്ചു. പ്രസ്തുത ശില്പശാലയിൽ ജനപ്രതിനിധികൾ ഉൾപ്പെടെ 120 പേർ പങ്കെടുക്കുകയുണ്ടായി.

### 4. ISTM ടീം അംഗങ്ങൾക്കുള്ള പരിശീലനം

ന്യൂഡൽഹി ISTM (Institute of Secretarial Training and Management) അധികൃതർ ആവശ്യപ്പെട്ട പ്രകാരം 2015 ജൂലൈ 6 മുതൽ 17 വരെ കേന്ദ്ര സെക്രട്ടറിയേറ്റ് സർവ്വീസിലെ അണ്ടർ സെക്രട്ടറിമാർക്കും സെക്ഷൻ ഓഫീസർമാർക്കും വേണ്ടി Statelevel Field Attachment Programme, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. 41 ഉദ്യോഗസ്ഥൻമാർ ഉൾപ്പെട്ട ടീമിനെ ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിലായി വിന്യസിക്കുകയും SIRD ഫാക്കൽറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ ഓരോ ജില്ലയിലേയും ഗ്രാമവികസനം, റവന്യൂ, നീതിന്യായം, പോലീസ്, മറ്റനുബന്ധവകുപ്പുകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ഗുണഭോക്താക്കൾ എന്നിവരുമായി കൂടി കാഴ്ച നടത്തി പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വിലയിരുത്തുന്നതിന് അവസരമൊരുക്കുകയുണ്ടായി. പരിശീലനം വിജയകരമായിപൂർത്തിയാക്കിയ ടീമംഗങ്ങളുടെ മൂല്യനിർണയവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തി ISTM അധികൃതരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

5. **മഹാത്മാഗാന്ധി എൻ ആർ ഇ ജി എസ് - IPPE-II**

Mahatma Gandhi NREGS State Mission Director ടെ നിർദ്ദേശ പ്രകാരം BRT മാർക്കുള്ള IPPE-II പരിശീലനം 2015 സെപ്റ്റംബർ 16 മുതൽ 18 വരെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. ബ്ലോക്കുതല റിസോഴ്സ് ടീമംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് മൈലം ഗ്രാമപഞ്ചായത്തിലെ പള്ളിക്കൽ വാർഡിൽ IPPE-II ന്റെ ഭാഗമായി പരിശീലനാർത്ഥികൾ PRA (Participatory Rural Appraisal) നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. Mahatma Gandhi NREGS മിഷൻ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ടി റിപ്പോർട്ട് വിലയിരുത്തുകയും ചെയ്തു.

6. **പുതുതായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾക്കുള്ള പരിശീലനം**

സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് പരിശീലനം നല്കുന്നതിന് പരിശീലകർക്കായുള്ളപരിശീലനം 2015 ഒക്ടോബർ 12-ന് സംഘടിപ്പിക്കുകയും, തെരഞ്ഞെടുക്കപ്പെട്ടവരെ SIRD, ETC എന്നിവിടങ്ങളിൽ വച്ചുനടത്തിയ പരിശീലനങ്ങളിലേക്ക് വിന്യസിക്കുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് , സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരടക്കമുള്ള മറ്റംഗങ്ങൾ എന്നിവർക്കും പരിശീലനം നല്കുകയുണ്ടായി. 'ബ്ലോക്ക് പഞ്ചായത്ത് ഭരണവും ഗ്രാമവികസന പദ്ധതികളും' എന്ന വിഷയത്തിൽ ഒരു കൈപ്പുസ്തകം തയ്യാറാക്കി എല്ലാ ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

7. **2016-17 -ലെ പരിശീലന കലണ്ടർ – പരിശീലനാവശ്യകത ശില്പശാല**

2015 ജനുവരി 16-ാംതീയതി പ്രസ്തുത ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ഗ്രാമവികസന വകുപ്പിലെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാപ്രവർത്തകരുടെ പ്രതിനിധികൾ, അനുബന്ധവകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെ 30 പേരാണ് ശില്പശാലയിൽ പങ്കെടുത്തത്. ശില്പശാലയ്ക്കുശേഷം തയ്യാറാക്കിയ പരിശീലന കലണ്ടർ 2016 മാർച്ച് 23-നു നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് ബോഡി മീറ്റിംഗുകളിൽ അനുമതിക്കായി സമർപ്പിക്കുകയും, പ്രസ്തുത പരിശീലന കലണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

8. Executive Committee Meeting

23.3.2016 ൽ നടത്തിയ Executive കമ്മിറ്റി മീറ്റിംഗ് 2016-17 ലേക്കുള്ള Training calendar, ബഡ്ജറ്റ് എന്നിവ അംഗീകരിച്ചു. കൂടാതെ SIRD യിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ഓരോ ബ്ലോക്ക് പഞ്ചായത്തും വർഷം തോറും ഒരു ലക്ഷം രൂപ വീതം SIRD ക്ക് ലഭ്യമാക്കുന്നതിനുള്ള ശുപാർശ അംഗീകരിക്കുകയും ചെയ്തു. പ്രൊപ്പോസൽ തയ്യാറാക്കി സർക്കാർ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ Geoinformatics ൽ ഒരു ഹ്രസ്വകാല കോഴ്സ് ആരംഭിക്കുന്നതിനുള്ള ശുപാർശയും അംഗീകരിച്ചു. പ്രസ്തുത കോഴ്സിന്റെ സിലബസ് അംഗീകരിക്കുന്നതിനും affiliation നും വേണ്ടി NIRD&PR നു സമർപ്പിച്ചിട്ടുണ്ട്.

9. Governing Body Meeting

ബഹു: ഗ്രാമവികസന വകുപ്പ് മന്ത്രി അധ്യക്ഷനായ ഗവേണിംഗ് ബോഡി 23.3.2016 ൽ കൂടുകയും Executive കമ്മിറ്റി എടുത്ത തീരുമാനങ്ങൾ അംഗീകരിക്കുകയും ചെയ്തു. SIRD ക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിനുള്ള ശുപാർശയും അംഗീകരിച്ചു.

## IX. 2016-17 ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ

- മഹാത്ഗാന്ധി എൻ ആർ ഇ ജി എസ് ഇവാല്യുവേഷൻ പഠനം - റിപ്പോർട്ട് പ്രസിദ്ധീകരണം.
- സോഷ്യൽ ഓഡിറ്റിന് പ്രാധാന്യം നൽകികൊണ്ടുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കൽ.
- പദ്ധതികൾ സംബന്ധിച്ച സോഫ്റ്റ് വെയർ പരിശീലനങ്ങൾക്ക് പ്രാധാന്യം.
- പരിശീലന ശേഷമുള്ള വിലയിരുത്തൽ- മൂല്യാങ്കനങ്ങളുടെ രൂപീകരണം.
- ഡോക്യുമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് - സ്ഥാപിക്കൽ
- പുതുതായി തെരഞ്ഞെടുക്കപ്പെട്ട നിയമസഭാ സാമാജികർക്ക് ഗ്രാമവികസന പദ്ധതികളുമായി ബന്ധപ്പെട്ട് ശില്പശാല (സി പി എസ് റ്റി യുമായി ചേർന്നുള്ള സംഘാടനം).
- നാഷണൽ റൂറൽ മിഷൻ- ICAP തയ്യാറാക്കൽ
- എസ് ഐ ആർ ഡി വെബ് സൈറ്റ് പുനഃക്രമീകരണം.
- ഭൂവിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ നീർത്തട സംരക്ഷണവും ഗ്രാമവികസന പദ്ധതികളും- സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കൽ.
- ബെയർഫൂട്ട് ടെക്നീഷൻമാർക്കുള്ള പരിശീലനം.

- ഗവേഷണ പദ്ധതികൾ

  i. ശുചിത്വത്തിന്റെ സ്വഭാവ തലങ്ങൾ- തിരുവനന്തപുരം, ആലപ്പുഴ ജില്ല കളിലെ തീരദേശ മത്സ്യതൊഴിലാളികൾ-ഒരു പഠനം (NIRD&PR ന്റെ സാമ്പത്തിക സഹായത്തോടെ)

  ii. കൊല്ലം, ആലപ്പുഴ ജില്ലകളിലെ മഹാത്മാഗാന്ധി എൻ ആർ ഇ ജി എസ് സ്ത്രീ തൊഴിലാളികളുടെ നിക്ഷേപസമ്പാദ്യഘടന -ഒരു വിശ കലനം (NIRD&PR ന്റെ സാമ്പത്തിക സഹായത്തോടെ)

  iii. കേരളസംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ - വിശകലനം (KSBC for SC/ST സ്പോൺസർ ചെയ്തത്)

  iv. വെളിയം ഗ്രാമപഞ്ചായത്ത് ഭൂവിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠി തമായ നീർത്തട സംരക്ഷണ പദ്ധതി തയ്യാറാക്കൽ -പ്രവൃത്ത്യുന്മുഖ ഗവേഷണം.

ഡയറക്ടർ

അനുബന്ധം-1

## 2015-16 സാമ്പത്തികവർഷത്തെ സാമ്പത്തിക പുരോഗതി റിപ്പോർട്ട്

| നമ്പർ | പദ്ധതിയുടെ പേര് | മുൻവർഷത്തെ നീക്കിയിരിപ്പ്, പലിശ മറ്റ് വരവുകൾ | 2015-16 സാമ്പത്തികവർഷം ലഭിച്ച തുക | | | | ചെലവഴിച്ച തുക (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| | | | കേന്ദ്രം (രൂപ) | സംസ്ഥാനം (രൂപ) | പലിശ, കോഴ്സ് ഫീ, തിരിച്ചടവ്, മറ്റ് വരവുകൾ (രൂപ) | ആകെ (രൂപ) | | |
| 1 | റെക്കറിംഗ് ഗ്രാന്റ് (CSS 50:50) | 9,08,507.00 | 19,97,000.00 | 78,69,000.00 | 21,60,173.00 | 1,29,34,680.00 | 1,81,61,489.00 | -52,26,809.00 |
| 2 | നോൺ റെക്കറിംഗ് ഗ്രാന്റ് | 1,64,62,010.00 | | | 8,85,727.00 | 1,73,47,737.00 | 13,11,520.00 | **1,60,36,217.00** |
| 3 | റ്റി.എസ്.എസ്.റ്റി ഫണ്ട് | 1,33,217.00 | | | 5,287.00 | 1,38,504.00 | 7,780.00 | **1,30,724.00** |
| 4 | എസ്.ജി.എസ്.വൈ | 3,28,908.00 | | | 26,480.00 | 3,55,388.00 | | **3,55,388.00** |
| 5 | മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് - ട്രെയിനിംഗ് ഫണ്ട് | 2,49,91,353.00 | | | 18,69,366.00 | 2,68,60,719.00 | 3,24,780.00 | **2,65,35,939.00** |
| 6 | മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് ഇവാലുവേഷൻ സ്റ്റഡി | 21,96,468.00 | | | | 21,96,468.00 | 7,34,996.00 | **14,61,472.00** |
| 7 | ഐ.ഡബ്ലി.യു.എം.പി | 9,65,081.00 | | | 41,607.00 | 10,06,688.00 | | **10,06,688.00** |
| 8 | ലാബ് ടു ലാന്റ് ട്രെയിനിംഗ് ഫണ്ട് | 5,04,839.00 | | | | 5,04,839.00 | 10,580.00 | **4,94,259.00** |
| 9 | പി.എം.ജി.എസ്.വൈ | 2,65,037.00 | | | | 2,65,037.00 | | **2,65,037.00** |
| 10 | മറ്റ് പ്രോജക്റ്റ് ഫണ്ടുകൾ | 65,44,130.00 | | | 379.00 | 65,44,509.00 | | **65,44,509.00** |
| 11 | ഹരിയാലി പ്രോജക്റ്റ് | 1,27,321.00 | | | 5,143.00 | 1,32,464.00 | | **1,32,464.00** |
| 12 | നെറ്റ് വർക്കിംഗ് ട്രെയിനിംഗ് ഫണ്ട് | 2,65,512.00 | 17,50,000.00 | | | 20,15,512.00 | 1,15,250.00 | **19,00,262.00** |
| 13 | കുറിച്ചൽ ആദിവാസി സെറ്റിൽമെന്റ് ഫണ്ട് | 4,79,114.00 | | | 7,484.00 | 4,86,598.00 | 4,86,598.00 | **0.00** |
| 14 | ബി.ആർ.ജി.എഫ് ഫണ്ട് | 6,95,023.00 | | | 47,889.00 | 7,42,912.00 | | **7,42,912.00** |
| 15 | എസ്.എ.ജി.വൈ | 5,86,076.00 | | | | 5,86,076.00 | 2,14,471.00 | **3,71,605.00** |
| 16 | മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് ട്രാൻസ്ലേഷൻ - എൻ.ഐ.ആർ.ഡി | 66,117.00 | | | | 66,117.00 | 51,020.00 | **15,097.00** |
| 17 | ആർ.ജി.പി.എസ്.എ ഫണ്ട് | 8,97,903.00 | 75,00,000.00 | | 96,417.00 | 84,94,320.00 | 45,66,109.00 | **39,28,211.00** |
| 18 | ജെൻഡർ ബഡ്ജറ്റിംഗ് - ട്രെയിനിംഗ് ഫണ്ട് | 3,30,178.00 | 7,03,300.00 | | | 10,33,478.00 | 7,60,270.00 | **2,73,208.00** |
| 19 | ലോകബാങ്ക് ഫണ്ട് | 46,00,468.00 | | | 1,41,297.00 | 47,41,765.00 | 7,68,413.00 | **39,73,352.00** |
| 20 | ഐ.എ.വൈ ബുക്ക് കീപ്പിംഗ് ട്രെയിനിംഗ് ഫണ്ട് | | 2,25,000.00 | | | 2,25,000.00 | 2,25,000.00 | **0.00** |
| 21 | ജി.ഐ.എസ്. അഡ്മിൻ ഫണ്ട് | | 5,00,000.00 | | | 5,00,000.00 | 3,97,364.00 | **1,02,636.00** |
| 22 | ഐ.എസ്.റ്റി.എം.ട്രെയിനിംഗ് ഫണ്ട് | | 13,76,550.00 | | | 13,76,550.00 | 13,76,550.00 | **0.00** |
| 23 | ബി.എഫ്.റ്റി. കോഴ്സ് ഫണ്ട് | | 4,63,776.00 | | | 4,63,776.00 | 7,88,960.00 | **-3,25,184.00** |
| | Total | **6,13,47,262.00** | **1,45,15,626.00** | **78,69,000.00** | **52,87,249.00** | **8,90,19,137.00** | **3,03,01,150.00** | **5,87,17,987.00** |

ഡയറക്ടർ